# പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

## നിയമസഭാ നടപടികൾ–സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഫെബ്രുവരി 9, ബുധൻ

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അടിയന്തിരപ്രമേയം

പുല്ലുമേട് ദുരന്തം

മി. സ്പീക്കർ : ഒരു വർഷം മുമ്പ് നടന്ന കണമല ദുരന്തത്തിന് ഇരയായ അയ്യപ്പഭക്തന്മാർക്ക് വാഗ്ദാനം ചെയ്ത തുക നൽകുന്നതിലും അയ്യപ്പഭക്തന്മാരുടെ സുരക്ഷയ്ക്കാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലും കമ്മീഷൻ റിപ്പോർട്ടുകൾ നടപ്പാക്കുന്നതിലും ഗവൺമെന്റ് അനാസ്ഥ കാണിച്ചതായും പുല്ലുമേട് ദുരന്തത്തെ സംബന്ധിച്ച് വിവിധ വകുപ്പുകൾ വ്യത്യസ്തമായ സത്യവാങ്മൂലം ഹൈക്കോടതിയിൽ നൽകിയതായും പറയപ്പെടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി.ടി. അഹമ്മദ് അലി, കെ.കെ. ഷാജു, പി.സി. ജോർജ്, എം.കെ.

പ്രേംനാഥ്, കെ.ബി. ഗണേഷ്കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : കഴിഞ്ഞ വർഷമുണ്ടായ കണമല ദുരന്തത്തിനിരയായത് ആന്ധ്രാപ്രദേശിൽനിന്നുവന്ന ഭക്തജനങ്ങളാണ്. മന്ത്രിമാരുൾപ്പെടെയുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സംഭവസ്ഥലം സന്ദർശിക്കുകയും അതിനുശേഷമുള്ള നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവർക്ക് സാമ്പത്തികസഹായം നൽകുന്നതിന് പരിമിതികളുള്ളതിനാൽ ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ഒരു ലക്ഷം രൂപയും മൃതദേഹങ്ങൾ നാട്ടിലേയ്ക്കെത്തിക്കുന്നതിനുള്ള സാമ്പത്തിക സഹായവും മറ്റു ചെലവുകൾക്കായി 25000 രൂപ വീതവും നൽകിയിട്ടുണ്ട്. ദേവസ്വം ബോർഡിന് കോടതിയുടെ അനുവാദം ലഭിക്കാത്തതുകൊണ്ട് സാമ്പത്തിക സഹായം നൽകാൻ സാധിച്ചില്ല. ആ പ്രദേശത്തെ അപകട സാധ്യത കുറയ്ക്കുന്നതിനും സാങ്കേതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പുല്ലുമേട് ദുരന്തത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റ് മുന്തിയ പരിഗണന നൽകുന്നതാണ്. ഈ മാസംതന്നെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് കമ്മീഷൻ റിപ്പോർട്ടുകളിലെ ശുപാർശകൾ നടപ്പിലാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശബരിമലയിൽ അടുത്ത കാലങ്ങളിൽ അയ്യപ്പഭക്തന്മാർ മരണപ്പെട്ട സംഭവങ്ങളിൽ ഗവൺമെന്റ് യാതൊരു

നടപടിയും സ്വീകരിച്ചിട്ടില്ല. പുല്ലുമേട്ടിൽ മകരജ്യോതി കണ്ട് മടങ്ങിയ 103 അയ്യപ്പഭക്തരാണ് ദാരുണമായി മരിച്ചത്. പേരിനുവേണ്ടി സർക്കാർ ജുഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തിയിരിക്കുകയാണ്. കണമല ദുരന്ത ത്തിൽ 12 പേരും ഹിൽടോപ്പ് അപകടത്തിൽ 53 പേരും മരിക്കുകയുണ്ടായി. കണമല അപകടത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സാമ്പത്തികസഹായം നൽകാൻ ദേവസ്വം ബോർഡിനെ ചുമതലപ്പെടുത്തിയെങ്കിലും അത് നൽകിയില്ല. പുല്ലുമേട് ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതം സർക്കാരും ദേവസ്വം ബോർഡുംകൂടി നൽകുമെന്നുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പുല്ലുമേട് ദുരന്ത കാരണത്തെക്കുറിച്ച് പോലീസും വനംവകുപ്പും ദേവസ്വം ബോർഡും വ്യത്യസ്ത സത്യവാങ്മൂലമാണ് ഹൈക്കോടതിയിൽ കൊടുത്തിരിക്കുന്നത്. പുല്ലുമേട്ടിൽ വാഹനം നിരോധിച്ച സ്ഥലത്ത് 1500 വാഹനങ്ങൾ പാർക്ക് ചെയ്തിരുന്നത് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ഭക്തർക്ക് കടന്നുപോകാനുള്ള ഇടുങ്ങിയ വഴിയിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് കടകൾ അനുവദിച്ചു. മരിച്ചവരേയും പരിക്കുപറ്റിയവരേയും ഒരുമിച്ചാണ് ലോറിയിൽ കയറ്റി ആശുപത്രിയിലെത്തിച്ചത്. മരിച്ചവരേയും പരിക്കുപറ്റിയവരേയും പ്രത്യേകം വാഹനങ്ങളിൽ കൊണ്ടുപോയിരുന്നുവെങ്കിൽ മരണസംഖ്യ കുറയുമായിരുന്നു. ആ പ്രദേശത്ത് ആവശ്യത്തിന് വെളിച്ചമോ ഭക്തർക്ക് ഡയറക്ഷൻ നൽകുന്നതിനായി മൈക്ക് സംവിധാനമോ ക്രമീകരിച്ചിരുന്നില്ല.

ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും മൂന്ന് മലയാളികളുമടങ്ങുന്ന അയ്യപ്പഭക്തരുടെ മൃതശരീരത്തിൽ റീത്ത് അർപ്പിക്കുക മാത്രമാണ് ഈ ഗവൺമെന്റ് ചെയ്തത്. കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച

ശബരിമല മാസ്റ്റർ പ്ലാനിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കാത്തതുകൊണ്ടു മാത്രം 125 കോടി രൂപയുടെ വികസന പ്രവർത്തനം മന്ദീഭവിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും മനുഷ്യത്വഹീനമായ നടപടിയാണ് ഉണ്ടായിട്ടുള്ളത്. ഗൗരവതരമായ ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : ശബരിമല തീർത്ഥാടന കാലത്ത് മുഖ്യമന്ത്രിയടക്കം പത്ത് മന്ത്രിമാരുടെ സാന്നിധ്യത്തിൽ വിവിധ യോഗങ്ങൾ ചേർന്നതിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനങ്ങളാണ് ശബരിമലയിൽ നടപ്പിലാക്കിവരുന്നത്. കോടതിയുടെ ചില നിബന്ധനകളുണ്ടായിരുന്നതുകൊണ്ടാണ് കണമലയിൽ ദുരന്തത്തിനിരയായവർക്ക് സാമ്പത്തിക സഹായം നൽകാൻ കഴിയാതിരുന്നത്. പുല്ലുമേട് ദുരന്തത്തിൽ മരിച്ചവരുടെ കുടുംബത്തിന് രണ്ടരലക്ഷം രൂപ ഗവൺമെന്റും രണ്ടര ലക്ഷം രൂപ ദേവസ്വം ബോർഡും നൽകാൻ തീരുമാനമായിട്ടുണ്ട്. സാധാരണഗതിയിൽ അപകട സാധ്യത പ്രതീക്ഷിക്കാത്ത പുല്ലുമേട്ടിൽ വളരെ യാദൃച്ഛികമായിട്ടാണ് ദുരന്തമുണ്ടായത്. ഇതുസംബന്ധിച്ച് കുമളി ക്രൈംബ്രാഞ്ചിൽ കേസ് രജിസ്റ്റർ ചെയ്തതിനുപുറമെ എറണാകുളം ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിവരുന്നുമുണ്ട്. സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച് അടിയന്തിരമായി ചർച്ച ചെയ്യുകയും മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം വിളിച്ചുചേർക്കുകയുമുണ്ടായി. ഇക്കാര്യത്തിൽ ഗവൺമെന്റ് ആവശ്യമായ എല്ലാ അടിയന്തിര നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മകരജ്യോതി ദർശനത്തിനെത്തിയ അയ്യപ്പഭക്തന്മാർക്കുണ്ടായ ദുരന്തത്തിൽ അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു. പ്രസ്തുത സംഭവം ഉണ്ടായശേഷം ഭരണ-പ്രതിപക്ഷഭേദമന്യേ ഉണർന്നു പ്രവർത്തിക്കുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒന്നിച്ച് പ്രശ്നത്തിലിടപെടുകയും ചെയ്തു. സുരക്ഷാപ്രവർത്തനങ്ങളിൽ വീഴ്ചകളുണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കുന്നതിനാണ് ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചത്. പ്രസ്തുത സംഭവം ഹൈക്കോടതി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ദുരന്തത്തിൽപ്പെട്ടവർ അധികവും അന്യസംസ്ഥാനത്തുനിന്നുമുള്ളവരാണ്. സംസ്ഥാന സർക്കാർ രണ്ടര ലക്ഷം രൂപയും ദേവസ്വം ബോർഡ് രണ്ടര ലക്ഷം രൂപയുമാണ് ദുരന്തത്തിൽപ്പെട്ടവരുടെ കുടുംബത്തിന് നൽകാൻ തീരുമാനിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാർ ഒരു ലക്ഷം രൂപയുടെ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തുനിന്ന് വീഴ്ചകൾ ഉണ്ടായതായി ചൂണ്ടിക്കാണിച്ചാൽ മേലിൽ അതുണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. മുൻകാലങ്ങളിൽ ചെയ്തതുപോലുള്ള സുരക്ഷാ പ്രവർത്തനങ്ങൾ ശബരിമലയിലും മകരജ്യോതി ദർശിക്കുന്ന ഭാഗത്തും ചെയ്തിരുന്നു. ഇതുസംബന്ധിച്ച് എല്ലാ കാര്യങ്ങളും ജുഡീഷ്യൽ കമ്മീഷന്റെ പരിശോധനയ്ക്ക് വിധേയമായതിനാൽ കൂടുതൽ വ്യക്തമാക്കാൻ കഴിയുകയില്ല. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ജി. കാർത്തികേയൻ, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

ശ്രദ്ധക്ഷണിക്കൽ

(1) <u>രാഷ്ട്രീയ സംഘർഷങ്ങൾ</u>

<u>ശ്രീ. കെ. പി. മോഹനൻ:</u> സംസ്ഥാനത്ത് പ്രത്യേകിച്ച് മലബാർ മേഖലയിൽ നടക്കുന്ന രാഷ്ട്രീയ സംഘർഷങ്ങൾ അവസാനിപ്പിച്ച് ശാശ്വത സമാധാനം നിലനിർത്താൻ നടപടി സ്വീകരിക്കണം. തളിപ്പറമ്പ്, കണ്ണൂർ, കൂത്തുപറമ്പ്, പാനൂർ, നാദാപുരം എന്നീ പ്രദേശങ്ങളിൽ നടക്കുന്ന രാഷ്ട്രീയ സംഘർഷങ്ങളും കൊലപാതകങ്ങളും അവസാനിപ്പിക്കണം. പൊതുസ്ഥലങ്ങളിലും സ്തൂപങ്ങളിലും കമാനങ്ങൾ കെട്ടുന്നതും ചുവരെഴുത്തുകൾ നടത്തുന്നതും നിരോധിക്കണം. പ്രകോപനപരമായ രാഷ്ട്രീയ പ്രസംഗങ്ങൾ നേതാക്കന്മാർ ഒഴിവാക്കണം. ക്വാറികൾക്ക് വെടിമരുന്ന് നൽകുന്നത് നിയന്ത്രിക്കണം. ഉൽവസസ്ഥലങ്ങളിലേയും മറ്റും അന്തരീക്ഷം പോലീസ് ഗൗരവപൂർവ്വം നിരീക്ഷിച്ച് ആവശ്യമായ മുൻകരുതലുകളെടുക്കണം. രാഷ്ട്രീയ കൊലപാതകങ്ങളും അക്രമങ്ങളും നടക്കുമ്പോൾ രാഷ്ട്രീയ പാർട്ടികളുടെ പ്രതിപ്പട്ടികയിലുള്ളവരുടെ അഡ്ജസ്റ്റ്മെന്റ് അറസ്റ്റ് ഒഴിവാക്കി അന്വേഷണത്തിലൂടെ യഥാർത്ഥ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യണം. തടവുകാർക്ക് ഇടയ്ക്കിടെ പരോൾ അനുവദിക്കുന്നത് നിർത്തലാക്കണം. ആയുധങ്ങളുടെ നിർമ്മാണ ഉറവിടം കണ്ടെത്താനും ആയുധം

കൈവശം വയ്ക്കുന്നവരെ ശിക്ഷിക്കാനും നടപടി സ്വീകരിക്കണം. ആരാധനാലയങ്ങളെ കേന്ദ്രീകരിച്ചുള്ള ആയുധശേഖരണവും ആയുധ പരിശീലനവും നേരിടാൻ നിയമ നടപടികൾ ഉണ്ടാകണം. അക്രമ സംഭവങ്ങൾ നടക്കുമ്പോൾ പോലീസ് നീതിപൂർവ്വമായി പെരുമാറണം. രാത്രികാലങ്ങളിൽ മേൽവിലാസങ്ങളില്ലാത്ത പോസ്റ്ററുകൾ പതിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നവരെ കണ്ടെത്തി ശിക്ഷിക്കണം. പാനൂരിൽ സോഷ്യലിസ്റ്റ് ജനതയുടെ ഓഫീസുകൾ തല്ലിത്തകർത്തവരേയും വീടുകൾക്കുനേരെ ബോംബെറിഞ്ഞ കേസിലെ പ്രതികളേയും കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കണം. ബോംബു നിർമ്മാണം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സംസ്ഥാനത്ത് പൊതുവെയും മലബാർ മേഖലയിൽ പ്രത്യേകിച്ചും സംഘർഷങ്ങൾ കുറഞ്ഞുവരികയാണ്. കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലുണ്ടായ സംഘർഷങ്ങൾ നിയന്ത്രിച്ച് ക്രമസമാധാനം പുന:സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിൽ ചെറിയ തോതിൽ രാഷ്ട്രീയ സംഘർഷങ്ങളുണ്ടായിട്ടുണ്ട്. സംഘട്ടനങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ പോലീസ് പിക്കറ്റിംഗ്, പട്രോളിംഗ് തുടങ്ങിയ ശക്തമായ നടപടികൾ സ്വീകരിക്കാറുണ്ട്. രാഷ്ട്രീയ സംഘർഷങ്ങൾക്കുള്ള സാധ്യത മുൻകൂട്ടി മനസ്സിലാക്കി പരമാവധി ഒഴിവാക്കാൻ ശ്രമിക്കാറുണ്ട്. പാനൂർ മേഖലയിലും മുൻകാലങ്ങളെ അപേക്ഷിച്ച് സംഘർഷങ്ങൾ കുറഞ്ഞിട്ടുണ്ട്. വീടുകൾക്കുനേരെ ബോംബെറിഞ്ഞ സംഭവത്തിലെ പ്രതികളെ പിടികൂടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയുധ നിർമ്മാണ

ത്തിന്റെ ഉറവിടം കണ്ടെത്തി ഇല്ലാതാക്കാൻ ആവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത്യാവശ്യഘട്ടങ്ങളിൽ പോലീസ് ഓഫീസറുടെ റിപ്പോർട്ടിന് വിധേയമായി മാത്രമേ പരോൾ അനുവദിക്കാറുള്ളൂ. സംസ്ഥാനത്തൊട്ടാകെ പ്രത്യേകിച്ച് മലബാർ മേഖലയിൽ ശാശ്വത സമാധാനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>ശബരിമല മാസ്റ്റർ പ്ലാൻ</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: പുല്ലുമേട്ടിൽ എത്തിച്ചേരുന്ന ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനും വണ്ടിപ്പെരിയാർ, കുമളി, പീരുമേട്, പെരുവന്താനം, ഏലപ്പാറ, കൊക്കയാർ, ഉപ്പുതറ, അയ്യപ്പൻകോവിൽ എന്നീ പഞ്ചായത്തുകളെ നിർദ്ദിഷ്ട ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താനും ആവശ്യമായ നടപടി സ്വീകരിക്കണം. സത്രത്തിൽനിന്ന് അണ്ടർഗ്രൗണ്ട് കേബിൾവഴി വൈദ്യുതി എത്തിച്ച് വയർലെസ് കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കണം. ഇ.ഡി.സി.-കളുടെ പ്രവർത്തനവും ഗതാഗതസൗകര്യങ്ങളും മെച്ചപ്പെടുത്തണം. സ്വകാര്യ വാഹനങ്ങളെ പുല്ലുമേട്ടിലേയ്ക്ക് പ്രവേശിപ്പിക്കാതെ വണ്ടിപ്പെരിയാറിൽ പാർക്കിംഗിനാവശ്യമായ സൗകര്യമൊരുക്കണം. വന്യജീവികളുടെ ആക്രമണത്തിൽനിന്നും സുരക്ഷ ഉറപ്പുവരുത്തണം. വണ്ടിപ്പെരിയാറിൽ വിരിവയ്ക്കുന്നതിനും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുമുള്ള സംവിധാനമുണ്ടാകണം. കുമളിയിലും ഭക്തർക്കാവശ്യമായ അടിസ്ഥാനസൗകര്യമുണ്ടാക്കണം. അപകടസ്ഥിതിയിലായതും എൻ.എച്ച്. 220-ൽപ്പെട്ടതുമായ വണ്ടിപ്പെരിയാർ, മത്തായിക്കൊക്ക എന്നീ പാലങ്ങൾ വീതി കൂട്ടി പുതുക്കിപ്പണിയണം. ഹിന്ദി, കന്നട, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ

സൈൻബോർഡ് സ്ഥാപിക്കുകയും തീർത്ഥാടകർക്ക് സഹായകരമായ ബുക്ക്ലെറ്റുകൾ വിതരണം ചെയ്യുകയും വേണം. പരിചയമില്ലാത്ത കടവുകളിൽ കുളിച്ച് അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ കുളിക്കടവ് പ്രത്യേകം ഐഡന്റിഫൈ ചെയ്യുകയും പ്രാഥമികാവശ്യത്തിനുള്ള സൗകര്യ ങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യണം. തടയണകൾ സ്ഥാപിക്കണം. ഹെൽപ്പ് ഡസ്ക്കുകൾ സ്ഥാപിക്കുകയും ഗൈഡുകളുടെ സേവനം ഉറപ്പുവരു ത്തുകയും ചെയ്യണം. കൂടുതൽ മെഡിക്കൽ യുണിറ്റുകൾ ഏർപ്പെടുത്തണം. പരിചയസമ്പന്നതയും ആത്മാർത്ഥതയും ജാഗ്രതയുമുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കണം. അപകട സാദ്ധ്യതയുള്ളതും എൻ. എച്ച്. 220-ൽപ്പെട്ട തുമായ കുമളി മുതൽ മുണ്ടക്കയം വരെ ബൈപ്പാസ് റോഡ് നിർമ്മിക്കണം. റോഡിന്റെ വശങ്ങളിൽ ക്രാഷ് ബ്രേക്കുകൾ സ്ഥാപിക്കണം. ഏലപ്പാറ-മ്ലാമല-വണ്ടിപ്പെരിയാർ-സത്രം റോഡ് എന്നിവ ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തണം.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>) : ശബരിമല മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അംഗീകരി ക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ദീർഘ-ഹ്രസ്വകാലാടിസ്ഥാനത്തിലും 2050-മാണ്ട് കാലയളവുവരെയുമുള്ള പദ്ധതികളുണ്ട്. ശബരിമല തീർത്ഥാട കർ വള്ളക്കടവ്-ഉപ്പുപാറ വഴി ഉപയോഗിക്കുന്നതിനെക്കുറിച്ച് പരിശോധിച്ച ശേഷം സത്രം വഴിയുള്ള റൂട്ട് വികസിക്കുന്നതുവരെയും സത്രം പ്രദേശത്ത് ബേസ് ക്യാമ്പ് വികസിക്കുന്നതുവരെയും നിലവിലുള്ള സംവിധാനം തുടരണ മെന്ന് തീരുമാനിച്ചിട്ടുണ്ട്. ഉപ്പുപാറ വഴി വരുന്ന തീർത്ഥാടകർക്ക് സൗകര്യം ഒരുക്കുന്നതിന് സത്രം ബേസ് ക്യാമ്പായി വികസിപ്പിച്ച് വേണ്ട സൗകര്യം

ഒരുക്കാനാണ് മാസ്റ്റർ പ്ലാനിൽ നിർദ്ദേശിച്ചിട്ടുള്ളത്. തീർത്ഥാടകർ ഉപയോഗിക്കുന്ന കാനനപാതകളൊന്നും ദേവസ്വംബോർഡിന്റെ അധീനതയിലുള്ളതല്ല. പുല്ലുമേട്ടിൽ തീർത്ഥാടകർക്ക് ഭക്ഷണം, കുടിവെള്ളം, ടോയ്ലെറ്റ് സൗകര്യം, കുളിക്കാനും വിശ്രമിക്കാനുമുള്ള സൗകര്യം എന്നിവ ലഭ്യമാക്കുന്നതിന് വനം വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കും. മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വണ്ടിപ്പെരിയാർ. കുമളി, പീരുമേട്, പെരുവന്താനം, എലപ്പാറ, കൊക്കയാർ, ഉപ്പുതറ, അയ്യപ്പൻകോവിൽ എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ പ്രദേശങ്ങളെ കേന്ദ്രീകരിച്ചാണ് ആദ്യഘട്ട വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ കാലതാമസം കൂടാതെ ആരംഭിക്കുന്നതിന് ഹൈപവർ കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരസ്പരപൂരകങ്ങളായ അനുബന്ധ പ്രവർത്തനങ്ങൾ വിവിധ പ്രദേശങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിക്കൊണ്ടുമാത്രമേ മാസ്റ്റർപ്ലാൻ നിർവ്വഹണം ഫലപ്രദമായി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ഇക്കാര്യങ്ങളിൽ സർക്കാർ അടിയന്തിരശ്രദ്ധ ചെലുത്തുന്നതാണ്.

## സബ്മിഷൻ

### (1) സ്ത്രീകൾക്ക് മാത്രമായുള്ള ബസ്സുകൾ

ശ്രീ. കെ.വി. കുഞ്ഞിരാമൻ: കാസർഗോഡ് ഉൾപ്പെടെ കേരളത്തിലെ തിരക്കേറിയ റൂട്ടുകളിൽ സ്ത്രീകൾക്ക് മാത്രമായി കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ആരംഭിക്കാനും കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകൾക്ക് സീറ്റ് സംവരണം അനുവദിക്കാനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): സംസ്ഥാനത്ത് ഗതാഗത തിരക്കേറിയ റൂട്ടുകളിലും സമയങ്ങളിലും വനിതകൾക്ക് മാത്രമായി

ചില ഡിപ്പോകളിൽ ഇപ്പോൾ തന്നെ രാവിലെയും വൈകുന്നേരവും കെ.എസ്.ആർ.ടി.സി സർവ്വീസ് നടത്തുന്നുണ്ട്. 1989 മുതൽ തന്നെ കെ.എസ്. ആർ.ടി.സി. ബസ്സുകളിൽ 25 ശതമാനം സീറ്റുകൾ സ്ത്രീകൾക്ക് മാത്രമായി സംവരണം ചെയ്തിട്ടുണ്ട്. റിസർവ്വേഷൻ സൗകര്യമില്ലാത്ത ബസ്സുകളിലും ഈ സൗകര്യം നൽകിവരുന്നുണ്ട്. സൂപ്പർ ഫാസ്റ്റ് ഉൾപ്പെടെയുള്ള ബസ്സുകളിൽ മൂന്ന് സീറ്റുകൾ സംവരണം ചെയ്തിട്ടുള്ളതിനു പുറമേ ഒൻപത് സീറ്റുകൾ മുൻഗണനാക്രമത്തിലും അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ പൊതു വിഭാഗത്തിലുള്ള സീറ്റുകളിലിരുന്നും സ്ത്രീകൾക്ക് യാത്ര ചെയ്യാവുന്നതാണ്. സ്ത്രീകളുടെ സുരക്ഷിതത്വം പരിഗണിച്ചാണ് അവരുടെ സീറ്റുകൾ ഡ്രൈവറുടെ സീറ്റിനു പിന്നിലായി സജ്ജീകരിച്ചിട്ടുള്ളത്. ഉത്സവ കാലങ്ങളിൽ സ്ത്രീകൾക്കുമാത്രമായി ആവശ്യാനുസരണം സർവ്വീസ് നടത്തുന്നുണ്ട്. ഇപ്പോൾ പ്ലാനിംഗ് ബോർഡ് ആരംഭിച്ച ചില നടപടികളുടെ ഭാഗമായി പല പിന്നോക്ക ജില്ലകളിലും സ്ത്രീകൾക്ക് മാത്രമായി സർവ്വീസുകൾ തുടങ്ങുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ തിരക്കേറിയ റൂട്ടുകളിൽ സ്ത്രീകൾക്കുമാത്രമായി പ്രത്യേകം സർവ്വീസുകൾ നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(2) <u>കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസം</u>

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: വല്ലാർപാടം പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിച്ച് പുനരധിവസിപ്പിച്ചവർക്ക് പട്ടയം നൽകുന്നതിനും വീട് നിർമ്മിക്കാൻ യോഗ്യമല്ലാത്ത സ്ഥലം നൽകിയത് സംബന്ധിച്ച് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഈ പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട അർഹരായ 297 കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച പുനരധിവാസ പാക്കേജിന്റേയും കോടതി വിധിയുടേയും അടിസ്ഥാനത്തിൽ നാല് മുതൽ ആറ് സെന്റ് വരെ ഭൂമി വാസയോഗ്യമാക്കി നൽകിയിട്ടുണ്ട്. ഇതിൽ കടമക്കുടി വില്ലേജിൽ പുനരധിവാസത്തിന് അർഹരായിട്ടുള്ള 51 കുടുംബങ്ങളിൽ മൂലംപള്ളിയിൽതന്നെ പുനരധിവാസം നൽകിയ 11 കുടുംബങ്ങൾ ഉൾപ്പെടുന്നു. 297 കുടുംബങ്ങൾക്കായി ആറര കോടി രൂപയും മൂലംപള്ളിയിലുള്ള 11 കുടുംബങ്ങൾക്കുമാത്രമായി 74.1 ലക്ഷം രൂപയും ചെലവുവന്നിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ റീഹാബിലിറ്റേഷൻ പാക്കേജ് ഇനത്തിൽ 3.86 കോടി രൂപ അർഹതയനുസരിച്ച് പുനരധിവസിപ്പിക്കപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. വല്ലാർപാടം പുനരധിവാസ പാക്കേജ് പ്രകാരം ഒരു കുടുംബത്തിന് ഏകദേശം 4.25 ലക്ഷം രൂപ വീതം സർക്കാർ ഇതുവരെ ചെലവുചെയ്തിട്ടുണ്ട്. ഈ തുക സർക്കാർ നൽകിയ പുനരധിവാസ ഭൂമിയുടെ വില ഉൾപ്പെടാതെയുള്ളതാണ്. ഇതിൽ സർക്കാരിന് മൊത്തം 2.28 കോടി രൂപയുടെ ബാധ്യത ഉണ്ടായിട്ടുള്ളതുകൂടി കണക്കിലെടുക്കുമ്പോൾ പുനരധിവാസ പദ്ധതിക്കായി ഒരു കുടുംബത്തിന് ഏകദേശം 13.75 ലക്ഷം രൂപയോളം ഡി.എൽ.പി.സി. നിരക്ക് പ്രകാരം നൽകിയിട്ടുള്ള ഭൂമിവില ഉൾപ്പെടാതെ തന്നെ സർക്കാർ നൽകിയിട്ടുണ്ട്. വീട് നഷ്ടപ്പെട്ടവർക്ക് സർക്കാർ വീട് വയ്ക്കാൻ സ്ഥലം നൽകുകയും വീട് വയ്ക്കുന്നതുവരെ ഒരു മാസം 5,000 രൂപ വീതം കണക്കാക്കി 65,000 രൂപ വാടകയിനത്തിലും വീടിന്റെ സാധനങ്ങൾ മാറ്റുന്നതിനായി 10,000 രൂപ ഷിഫ്റ്റിംഗ് ചാർജ്ജ്

ഇനത്തിലും നൽകിയിട്ടുണ്ട്. ഏകദേശം എല്ലാവർക്കും പട്ടയം നൽകിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ കാര്യം പ്രത്യേക കേസ്സായി ഇതിനകം തന്നെ മന്ത്രിസഭയിൽ വച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് വ്യവസ്ഥകളോടെ പുനരധിവാസ പാക്കേജ് നടപ്പിലാക്കിക്കഴിഞ്ഞു. സംസ്ഥാനത്തെ വൻകിട പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കുന്നത് ഇതുപോലെയുള്ള പാക്കേജുകളോടു കൂടിയാണ്. മൂലംപള്ളിയിലെ വിഷയം സംബന്ധിച്ച് നിലനിൽക്കുന്ന സമരങ്ങൾ ഒഴിവാക്കാൻ എല്ലാവരും സഹകരിക്കണം.

(3) കൈവശ ഭൂമിക്ക് ഉടമസ്ഥാവകാശം

ശ്രീ. എം.വി. ശ്രേയാംസ്കുമാർ: കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വെള്ളാർമല, കോട്ടപ്പടി, കരിയോട്, അമ്പലവയൽ വില്ലേജുകളിലെ കർഷകരുടെ കൈവശഭൂമിക്ക് ഉടമസ്ഥാവകാശം നൽകുന്നതിനും ലാൻഡ് ട്രൈബ്യൂണലിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ലാൻഡ് ട്രൈബ്യൂണലിന്റെ പുതിയ ഓഫീസുകൾ രണ്ട് ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ പുതിയ ജീവനക്കാരെക്കൂടി നിയമിച്ചുകൊണ്ട് ആരംഭിച്ചു. ഇനി ജോയിൻ ചെയ്യാനുള്ള ജീവനക്കാർ ഉടൻതന്നെ ജോയിൻ ചെയ്യുന്നതാണ്. ഈ ഭൂമി പ്രശ്നത്തിൽ കൽപ്പറ്റ മണ്ഡലത്തിലെ പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് കൊടുക്കുകയും പ്രശ്നം പരിഹരിക്കാൻ സഹായകരമായ നിലപാട് അവിടെയുണ്ടാവുകയും ചെയ്തിട്ടുണ്ട്.

(4) <u>മിച്ചഭൂമി വിതരണം</u>

<u>ശ്രീ. ബാബുപോൾ</u>: മൂവാറ്റുപുഴ വില്ലേജിൽ നിന്നും ലാൻഡ് ബോർഡ് ഏറ്റെടുത്ത മിച്ചഭൂമി താലൂക്കിലെ ഭൂരഹിതർക്ക് അടിയന്തിരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ)</u>: സർക്കാർ ശക്തമായ നിലയ്ക്ക് ഇടപെട്ടതിന്റെ ഫലമായി ഏറ്റെടുക്കാൻ കഴിഞ്ഞ ഭൂമി മൂവാറ്റുപുഴ താലൂക്കിലെ ഭൂരഹിതർക്ക് പതിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(5) <u>വൈദ്യുതീകരണ പരിപാടി</u>

<u>ശ്രീ. എം. ഉമ്മർ</u>: മലപ്പുറം മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പരിപാടി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ.കെ. ബാലൻ)</u>: മലപ്പുറം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 9 കോടി രൂപയുടെ വൈദ്യുതി വികസന പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്. ഇലക്ട്രിക് പോസ്റ്റുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് മറ്റ് ജില്ലകളിൽ നിന്ന് മണ്ഡലത്തിലേയ്ക്ക് പോസ്റ്റ് എത്തിക്കുന്നതിനും പുതുതായി ടെണ്ടർ വിളിച്ച് പോസ്റ്റുകൾ ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള ഇലക്ട്രിക് പോസ്റ്റുകൾ രണ്ട് മാസത്തിനുള്ളിൽ ലഭ്യമാക്കാൻ കഴിയും. ഏപ്രിൽ മാസത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പരിപാടി പൂർത്തിയാക്കാൻ കഴിയുന്നതാണ്.

(6) ആരാധനാ സൗകര്യം ലഭ്യമാക്കാനുള്ള നടപടി

ശ്രീ. യു.സി. രാമൻ: കുന്നമംഗലം നിയോജകമണ്ഡലത്തിൽ ചാലിയാർ പുഴയുടെ തീരത്ത് പമ്പ്ഹൗസ് കോമ്പൗണ്ടിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യവ്യക്തികളുടെ വക അയ്യപ്പക്ഷേത്രത്തിൽ ആരാധനാ സ്വാതന്ത്ര്യം അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പമ്പ് ഹൗസിന്റെ കോമ്പൗണ്ടിൽ ക്ഷേത്രം നിലനിൽക്കുന്നില്ലെന്നും അതുകൊണ്ടുതന്നെ പൊതുജനങ്ങൾക്ക് ആരാധനാ സ്വാതന്ത്ര്യം അനുവദിക്കുവാൻ ബുദ്ധിമുട്ടാണെന്നുമുള്ള നിലയിലാണ് കേരളാ വാട്ടർ അതോറിറ്റിയിൽ നിന്ന് ഗവൺമെന്റിന് ലഭിച്ചിട്ടുള്ള റിപ്പോർട്ട്. ഇതിന്റെ നിജസ്ഥിതിയെ സംബന്ധിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) വൈദ്യുതി സബ്സ്റ്റേഷൻ നിർമ്മാണം

ശ്രീ. കെ.കെ. ജയചന്ദ്രൻ: ഉടുമ്പൻചോല മണ്ഡലത്തിലെ സേനാപതിയിൽ വൈദ്യുതി സബ്സ്റ്റേഷൻ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): ഭൂമി ഏറ്റെടുത്ത് കുർത്തൂങ്കൽ ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നിന്ന് 17 കിലോമീറ്റർ 33 കെ.വി. ലൈൻ വലിച്ച് പദ്ധതിക്കാവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള അംഗീകാരം നൽകിക്കഴിഞ്ഞു. സബ് സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

(8) ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം

ശ്രീ. ബി.ഡി. ദേവസ്സി: ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന് ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി ജലസംഭരണി നിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന് ആവശ്യമായ ജലസംഭരണ ശേഷി ഇല്ലാത്തതുമൂലമാണ് പെരിങ്ങൽക്കുത്ത് ജലവൈദ്യുത പദ്ധതിയിൽ നിന്നുവരുന്ന അധികജലം സംഭരിക്കാൻ കഴിയാത്തത്. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന്റെ സംഭരണ ശേഷി .28 മില്യൻ മീറ്റർ ക്യൂബ് മാത്രമാണ്. എന്നാൽ ആഴത്തട്ടിലെ ജലസേചനത്തിന് ഇത് മതിയാകില്ല. ഇപ്പോൾ നിലവിലുള്ള സംഭരണിയുടെ പരിധിയിൽ നിന്ന് അകലെയായി പുതിയ സംഭരണി നിർമ്മിക്കുക മാത്രമാണ് ഇതിന് പരിഹാരമായിട്ടുള്ളത്. അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനും ട്രിബ്യൂർ പുഴയ്ക്കും ഇടയിലായി ചെക്ക്ഡാം നിർമ്മിക്കുന്നതിന് അനുയോജ്യമായ ഒന്നിലധികം സ്ഥലങ്ങൾ ഇതിനകം തന്നെ കണ്ടെത്തിയിട്ടുണ്ട്. വെറ്റിലപ്പാറ പുതിയ പാലത്തിന് സമീപം കണ്ടെത്തിയ സ്ഥലവും ഇതിന് അനുയോജ്യമായിട്ടുള്ളതാണ്. ഈ പ്രൊപ്പോസലിന് അന്തിമ അംഗീകാരം നൽകുന്നതിന് വിശദമായ സാധ്യതാപഠനം നടത്തി മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ഏറ്റവും യുക്തമായ സ്ഥലം തെരഞ്ഞെടുക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(9) നെല്ല് സംഭരണം

ശ്രീ. മുരളി പെരുനെല്ലി: വ്യാപകമായി കൊയ്ത്ത് ആരംഭിച്ച സാഹചര്യത്തിൽ 13 രൂപയ്ക്ക് മുൻകാലപ്രാബല്യത്തോടെ നെല്ല് സംഭരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): 2010-11 വർഷത്തിലെ രണ്ടാം വിളവെടുപ്പ് 8-12-2010-ൽ തുടങ്ങുകയും ഇതുവരെ 29446.63 ക്വിന്റൽ നെല്ല് സംഭരിക്കുകയും ഇതിന്റെ വിലയായ 30152967 രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയക്ക് നൽകുകയും ചെയ്തിട്ടുണ്ട്. നെല്ലിന്റെ സംഭരണവില ഏഴ് രൂപയിൽ നിന്നും പതിമൂന്ന് രൂപയാക്കിയിട്ടുണ്ട്. കോൾനിലങ്ങളിലെ നെല്ല് സംഭരണം വൈകിയാണ് ആരംഭിക്കുന്നതെങ്കിലും പരമാവധി വേഗത്തിൽ പൂർത്തിയാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(10) റേഷൻ റീട്ടെയിൽ വ്യാപാരികളുടെ കമ്മിഷൻ

ശ്രീ. പി. വിശ്വൻ : കമ്മീഷൻ വർദ്ധിപ്പിക്കുന്നതുൾപ്പെടെ റേഷൻ റീട്ടെയിൽ വ്യാപാരികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : റേഷൻ റീട്ടെയിൽ വ്യാപാരികളുടെ കമ്മീഷൻ കഴിഞ്ഞ വർഷമാണ് ഏറ്റവും അവസാനമായി വർദ്ധിപ്പിച്ചത്. ഈ വർഷം വീണ്ടും വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ട്.

(11) <u>ജില്ലാ കൃഷിഫാമിലെ ദിവസവേതനക്കാരായ തൊഴിലാളികൾ</u>

<u>ശ്രീ. ടി.യു. കുരുവിള</u> : നേര്യമംഗലം ജില്ലാ കൃഷിഫാമിൽ ജോലി ചെയ്യുന്ന 200-ലധികം വരുന്ന ദിവസവേതന തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളായി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>) : 18-12-2008 വരെ ഫാമുകളിൽ ജോലി ചെയ്തിരുന്ന ദിവസക്കൂലിക്കാരായ 283 തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളായി അംഗീകരിക്കാനും ഇവരെ റൊട്ടേഷൻ വ്യവസ്ഥയിൽ ജോലിക്ക് നിയോഗിച്ച് സീനിയോറിറ്റി നിശ്ചയിച്ച് സ്ഥിരം തൊഴിലാളികളുടെ ഒഴിവിൽ നിയമിക്കാനും എല്ലാ യൂണിയനുകളുമായി ആലോചിച്ച് ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. നേര്യമംഗലം ജില്ലാ ഫാമിൽ 2008-ന് മുമ്പുള്ള വർഷങ്ങളിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ തൊഴിലാളികളെ കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ളതും ഇവരുടെ മൊത്തം വേതനം എ.ഡി.എസ് സെക്രട്ടറിക്ക് നേരിട്ട് നൽകിയിട്ടുള്ളതുമാണ്. കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന നടപടിക്രമം ഇല്ല. എന്നാൽ 18-12-2008-ന് ശേഷം നിയോഗിച്ചിട്ടുള്ള ബാക്കിയുള്ള ദിവസക്കൂലിക്കാരെയും നിലവിലുള്ള ഉത്തരവനുസരിച്ച് കാഷ്വൽ തൊഴിലാളികളായി നിയമിക്കാൻ സാധിക്കുകയില്ലെങ്കിലും സ്ഥിരം തൊഴിലാളികളുടെ ഒഴിവുകൾ കൂടുതൽ വരുന്ന മുറയ്ക്ക് അവരുടെ കാര്യത്തിൽ പൊതുവായ ഒരു തീരുമാനം സർക്കാർ എടുക്കുന്നതാണ്.

(12) <u>കുടിവെള്ള പ്രശ്നം</u>

<u>ശ്രീ. വി.എൻ .വാസവൻ</u> : കോട്ടയം മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി പൊട്ടിയ പൈപ്പ് മാറ്റി പുതിയ പൈപ്പ് ഇടുന്ന

തിന് ടെണ്ടർ എക്സസ് അംഗീകരിച്ച് വർക്ക് ഓർഡർ കൊടുക്കാനും വെള്ളത്തിന്റെ ഉത്ഭവസ്ഥാനത്ത് 100 എച്ച്.പി. മോട്ടോറും നാട്ടകം പ്രദേശത്ത് വെള്ളം ലഭിക്കുന്നതിന് 75 എച്ച്.പി. മോട്ടോറും സ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : 2010 എസ്.ഒ.ആർ. നിരക്കിനുമേൽ എക്സസ് വരുന്ന റേറ്റൊന്നും കൊടുക്കേണ്ട എന്ന നിലപാടാണ് ഗവൺമെന്റ് പൊതുവേ സ്വീകരിച്ചിട്ടുള്ളത്. നയപരമായ ഒരു തീരുമാനം ഇക്കാര്യത്തിൽ ആവശ്യമാണ്. ഇതിനെ സംബന്ധിച്ച് മുൻഗണനാക്രമത്തിൽ 10-02-2011-ന് കൂടുന്ന ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ഡിപ്പാർട്ടുമെന്റുകളുടെ സംയുക്ത യോഗത്തിൽ പമ്പ് സെറ്റുകൾ മാറ്റി വയ്ക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

(13) കിൻഫ്ര ഏറ്റെടുത്ത ഭൂമിയിൽ പുതിയ പദ്ധതി

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : അഴീക്കോട് മണ്ഡലത്തിൽപ്പെട്ട കല്യാശ്ശേരി പഞ്ചായത്തിൽ ഇരിണാവ് പ്രദേശത്ത് കിൻഫ്ര ഏറ്റെടുത്ത സ്ഥലത്ത് പുതിയ പദ്ധതി നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സംരംഭകർ കരാർ വ്യവസ്ഥകൾ പാലിക്കാതിരുന്നതിനാൽ കണ്ണൂർ ജില്ലയിലെ കല്യാശ്ശേരിയിൽ കണ്ണൂർ പവർ പ്രോജക്ടിനുവേണ്ടി ഏറ്റെടുത്ത സ്ഥലത്തിന്റെ കരാർ സർക്കാർ റദ്ദാക്കുകയും ഭൂമി വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് കിൻഫ്രയ്ക്ക് നൽകുകയും ചെയ്തു. കോസ്റ്റ് ഗാർഡ് അക്കാഡമി സ്ഥാപിക്കാൻ ഭൂമി ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര പ്രതിരോധവകുപ്പ് സംസ്ഥാന

സർക്കാരിന് കത്ത് തന്നിരുന്നു. അതനുസരിച്ച് ഈ ഭൂമി അനുയോജ്യമാണെങ്കിൽ കോസ്റ്റ് ഗാർഡ് അക്കാഡമി സ്ഥാപിക്കാൻ നൽകാമെന്ന് വ്യവസായ വകുപ്പ് വാഗ്ദാനം ചെയ്തിട്ടുണ്ട്. സാങ്കേതിക വിദഗ്ദ്ധരുടെ പരിശോധനയ്ക്കുശേഷം തീരുമാനം അറിയിക്കാമെന്ന് കേന്ദ്ര പ്രതിരോധവകുപ്പ് അറിയിച്ചിട്ടുണ്ട്.

(14) <u>ബൈപ്പാസ് നിർമ്മാണം</u>

<u>ശ്രീ. തോമസ് ചാഴികാടൻ</u> : ഏറ്റുമാനൂർ-മണർകാട് ബൈപ്പാസിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഏറ്റെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>) : ഏറ്റുമാനൂർ-മണർകാട് ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഏറ്റെടുക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(15) <u>കെ.പി.എസ്.ടി.യു. സെക്രട്ടേറിയറ്റ് പടിക്കൽ നടത്തുന്ന സമരം</u>

<u>ശ്രീ. സി.പി. മുഹമ്മദ്</u> : ശമ്പള കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളഞ്ഞ് കേന്ദ്ര തുല്യത ഉറപ്പുവരുത്തി ശമ്പളം പരിഷ്ക്കരിക്കുക, പ്രൈമറി-സെക്കണ്ടറി-ഹയർസെക്കണ്ടറി-വൊക്കേഷണൽ ഹയർസെക്കണ്ടറി മേഖലയിലെ അദ്ധ്യാപകർക്ക് കേന്ദ്ര തുല്യത ഉറപ്പുവരുത്തി ശമ്പളം പരിഷ്ക്കരിക്കുക, ശമ്പള പരിഷ്ക്കരണത്തിലൂടെ അദ്ധ്യാപകരെ തരംതാഴ്ത്താനുള്ള നീക്കം ഉപേക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് സംയുക്ത അദ്ധ്യാപക സമിതിയുടെ നേതൃത്വത്തിൽ ഇന്ന് സെക്രട്ടേറിയറ്റ്

പടിക്കൽ കൂട്ടധർണ്ണ നടക്കുകയാണ്. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : ശമ്പളക്കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള പരാതികൾ പരിശോധിക്കുന്നതിന് സർക്കാർ ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതിയുടെ തീരുമാനം വരുമ്പോൾ വീണ്ടും പരാതിയുണ്ടങ്കിൽ അത്തരം പരാതികൾ പരിശോധിക്കാൻ ധനകാര്യവകുപ്പിൽ സംവിധാനമുണ്ടാകും. ഈ സൗകര്യങ്ങൾ അദ്ധ്യാപകർക്കും അദ്ധ്യാപക സംഘടനകൾക്കും പ്രയോജനപ്പെടുത്താൻ കഴിയും. അനാദായകരമായ സ്കൂളുകൾ നടത്തിക്കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(16) മിനി സിവിൽ സ്റ്റേഷന്റെയും കോർട്ട് കോംപ്ലക്സിന്റെയും നിർമ്മാണം

ശ്രീ. ബി. ബാബു പ്രസാദ് : 2009-10-ലെ സ്റ്റിമുലസ് പാക്കേജിൽ സർക്കാർ പ്രഖ്യാപിച്ച ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ ഹരിപ്പാട് മിനി സിവിൽ സ്റ്റേഷന്റേയും കോർട്ട് കോംപ്ലക്സിന്റെയും നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : 14-07-2009-ൽ ഹരിപ്പാട് മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണത്തിന് 3 കോടി രൂപയുടെ ഭരണാനുമതിയും 345 ലക്ഷം രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 29-06-2010-ൽ പ്രവൃത്തി ടെണ്ടർ ചെയ്തപ്പോൾ കൺസ്ട്രക്ഷൻ കോർപ്പറേഷനിൽനിന്ന് 29.9 ശതമാനം എസ്റ്റിമേറ്റ് നിരക്കിൽനിന്നും ഉയർന്ന

നിരക്കിൽ ടെണ്ടർ ലഭിക്കുകയും ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി 20 ശതമാനം ഉയർന്ന നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകിയെങ്കിലും പ്രസ്തുത റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് സ്വീകാര്യമല്ലാത്ത സാഹചര്യത്തിൽ അവർ ക്വാട്ട് ചെയ്ത നിരക്ക് അനുവദനീയമാണോയെന്ന് ധനകാര്യ വകുപ്പ് പരിശോധിച്ച് ഉടൻ തീരുമാനമെടുക്കുന്നതാണ്. കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് 14-08-2009-ന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി. ആർക്കിടെക്ച്ചറൽ വിഭാഗം തയ്യാറാക്കിയ പ്ലാൻ ഹൈക്കോടതി അംഗീകരിക്കുകയും പി.ഡബ്ല്യു.ഡി.-യുടെ വിശദമായ പരിശോധന പൂർത്തീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 284 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ്.

## മേശപ്പുറത്തുവച്ച കടലാസ്

2010-ലെ സാമ്പത്തിക അവലോകനം മുഖ്യമന്ത്രിക്കുവേണ്ടി നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. എ. എ. ഷുക്കൂർ : നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണർ അവതരിപ്പിച്ചിരിക്കുന്ന നയപ്രഖ്യാപനം കേവലമൊരു തെരഞ്ഞെടുപ്പ് പ്രകടനപത്രിക മാത്രമാണ്. സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുള്ള അവാർഡുകളെക്കുറിച്ചുള്ള പരാമർശമാണ് കൂടുതലായും നയപ്രഖ്യാപന പ്രസംഗത്തിൽ കാണാൻ സാധിക്കുന്നത്. സംസ്ഥാനത്തിന് ഗുണകരമായ

ആസിയാൻ കരാറിനെ നയപ്രഖ്യാപന പ്രസംഗത്തിൽ എതിർത്തത് പിൻവലിക്കാൻ തയ്യാറാകണം. കുട്ടനാട്ടിലെ കൃഷിനാശം തടയുന്നതിനുള്ള കാർഷിക പാക്കേജ് നടപ്പിലാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. അരിക്ക് വിലകൂടിയ സാഹചര്യത്തിൽ നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചു എന്നു പറയുന്നതിൽ സർക്കാരിന് അഭിമാനിക്കാൻ വകയില്ല. കർഷകരെ വഞ്ചിക്കുന്ന, കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്ത സർക്കാരാണിത്.

ശ്രീ. എം. ചന്ദ്രൻ : നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. കേന്ദ്ര സർക്കാരും മറ്റു സംസ്ഥാന സർക്കാരുകളും അവലംബിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ നയങ്ങളാണ് ഇടതമുന്നണി സർക്കാർ നടപ്പിലാക്കിയിരിക്കുന്നത്. പൊതുമുതൽ കൊള്ളയടിക്കാനും മാഫിയാ സംഘങ്ങൾക്ക് പ്രവർത്തിക്കാനും ഈ ഗവൺമെന്റ് അനുവാദം കൊടുത്തിട്ടില്ല. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാതെ ഭദ്രമായി നിലനിർത്തിയിരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ പുതിയ നികുതികളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കേന്ദ്ര സർക്കാർ പാവപ്പെട്ടവരിൽ നിന്നും നികുതി പിരിച്ചെടുത്ത് സമ്പന്നരെ വളർത്തിയെടുക്കുമ്പോൾപണക്കാരിൽ നിന്നും സംഭരിച്ച് പാവപ്പെട്ടവർക്ക് ആനുകൂല്യം നൽകുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരുകൾക്ക് പാവപ്പെട്ട ജനങ്ങൾക്ക് ഭൂമി നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും സാധിച്ചു. ഇൻഡ്യാരാജ്യത്തെ മറ്റ് സംസ്ഥാനങ്ങളേക്കാൾ ഗ്രാമീണ മേഖലയിൽ മികച്ച ശുചിത്വം നിലനിർത്തുന്നതുകൊണ്ട് കേന്ദ്ര സർക്കാരിന്റെ നിർമ്മൽ പുരസ്ക്കാരത്തിന് സംസ്ഥാനം അർഹമായി. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിപ്രകാരം

അഞ്ച് ലക്ഷം ഭവനങ്ങൾ നിർമ്മിച്ചു നൽകി. എല്ലാവർക്കും കുടിവെള്ളം, വൈദ്യുതി, റോഡ് മറ്റ് പശ്ചാത്തല സൗകര്യങ്ങൾ എന്നിവ നൽകുന്നതിന് സാധിച്ചു. കള്ളപ്പണം രാജ്യത്ത് സമാന്തര സമ്പദ്ഘടന സൃഷ്ടിച്ചിരിക്കുന്നു. 70 ലക്ഷം കോടി രൂപയുടെ കള്ളപ്പണമാണ് വിദേശ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളത്. പുരോഗമനപരമായ നിയമനിർമ്മാണങ്ങൾ നടത്തി ജനങ്ങൾക്ക് സംരക്ഷണം കൊടുത്ത ഗവൺമെന്റാണിത്.

ശ്രീ. മോൻസ് ജോസഫ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. അടിസ്ഥാന സൗകര്യവികസന രംഗത്ത് പുതിയ പദ്ധതികളൊന്നും നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടില്ല. റോഡ് വികസനരംഗത്ത് ഭാവി കർമ്മപരിപാടികൾ ഫലപ്രദമായി നടപ്പാക്കാൻ സംസ്ഥാനത്തിന് കഴിയുന്നില്ല. പുതിയ പദ്ധതികളെക്കുറിച്ച് ചിന്തിക്കാനും വിലയിരുത്താനും കഴിയാത്തത് സംസ്ഥാനത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കും. കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. കേന്ദ്രാനുമതി ലഭിച്ചിട്ടും ഭൂമി ഏറ്റെടുക്കാനും ലോക ബാങ്കിൽ നിന്നും ധനസഹായം ലഭ്യമാക്കാനും നടപടി സ്വീകരിക്കാത്തതിനാൽ ദേശീയ പാതാവികസനം കേരളത്തിന് നഷ്ടപ്പെടുന്ന അവസ്ഥയാണ്. മലയോര ഹൈവേയുടെ കാര്യത്തിലും പുരോഗതി ഉണ്ടായിട്ടില്ല.

ശ്രീമതി ഇ.എസ്. ബിജി മോൾ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനങ്ങളോട് പ്രതിബദ്ധതയുള്ള സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. രണ്ടു രൂപയ്ക്ക് അരി നൽകുന്ന പദ്ധതി നടപ്പിലാക്കാനും വിവിധ ക്ഷേമനിധി പെൻഷൻ തുകകൾ വർദ്ധിപ്പിക്കാനും സാധിച്ചു. നെല്ലിന് സംഭരണവില ഏർപ്പെടുത്തി. കിസാൻ അഭിമാൻ പദ്ധതി, അരിശ്രീ പദ്ധതി തുടങ്ങി

ഒട്ടനവധി പദ്ധതികൾ കൊണ്ടുവന്നു. പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞു. സംസ്ഥാന താൽപ്പര്യങ്ങൾക്കനു സരിച്ച് പ്രവർത്തിക്കാനും പണപ്പെരുപ്പം തടയാനും വിലക്കയറ്റം നിയന്ത്രിക്കു ന്നതിന് കയറ്റിറക്കുമതി നയങ്ങളിൽ മാറ്റം വരുത്താനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. പൂഴ്ത്തിവയ്പ്പുകാർക്കും ഊഹക്കച്ചവടക്കാർക്കുമെ തിരെ അവശ്യസാധന നിയമം അനുസരിച്ച് നടപടികൾ സ്വീകരിക്കണം. ആസിയാൻ കരാർ വാണിജ്യ വിളകൾക്ക് ഭീഷണിയായി നിൽക്കവെയാണ് അവയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാ രിന്റെ നയപ്രഖ്യാപനത്തിൽ പ്രതിപാദിച്ചത്. പതിനായിരം കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് ഭരണ-പ്രതിപക്ഷ ഭേദമെന്യേ സ്വാഗതം ചെയ്തതാണ്. വൈദ്യുതി മേഖലയെ സംയോജിത പവർ സെക്ടറാക്കി ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ സ്വാഗതാർഹമാണ്. 'കേരളം' സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്നത് യാഥാർത്ഥ്യമാകാൻ പോവുകയാണ്. സംസ്ഥാനത്തെ സാംസ്ക്കാരി കമായും വിദ്യാഭ്യാസപരമായും മുന്നിലാക്കാൻ കഴിഞ്ഞു. സ്ത്രീശാക്തീ കരണം നടപ്പിലാക്കാൻ ഈ ഗവൺമെന്റ് കാണിക്കുന്ന പ്രതിബദ്ധതയെ അഭിനന്ദിക്കുകയാണ്. വനിതകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽ അമ്പത് ശതമാനം സംവരണം ഏർപ്പെടുത്തി. അഴിമതിക്കാർക്കും പെൺവാണിഭക്കാ ർക്കുമെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു. വനവിസ്തൃതി വർദ്ധിപ്പി ക്കാൻ കഴിഞ്ഞു. ഇടുക്കി ജില്ലയിലെ പാവപ്പെട്ടവർക്ക് ഉപാധിരഹിത പട്ടയം വിതരണം ചെയ്തതും പീരുമേട്ടിലെ പൂട്ടിക്കിടന്ന തോട്ടങ്ങൾ തുറന്നു

പ്രവർത്തിപ്പിച്ചതും വ്യവസായ സംരംഭങ്ങൾ ലാഭത്തിലാക്കിയതും സർക്കാരിന്റെ ഭരണനേട്ടങ്ങളാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. കേന്ദ്രസർക്കാർ ജനവിരുദ്ധനയങ്ങളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കേന്ദ്രഭരണത്തിൻകീഴിൽ ശതകോടീശ്വരന്മാർ വർദ്ധിക്കുകയാണ്. വിലക്കയറ്റം വർദ്ധിപ്പിക്കാനുള്ള നടപടികളാണ് കേന്ദ്ര ഗവണ്മെന്റ് സ്വീകരിച്ചുവരുന്നത്. പൊതുവിതരണം കാര്യക്ഷമമാക്കുക, ബി.പി.എൽ. നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് വിലക്കയറ്റം പിടിച്ചുനിർത്താൻ രാജ്യത്തെ ഇടതുപക്ഷപ്രസ്ഥാനങ്ങൾ അതിശക്തമായ പോരാട്ടം നടത്തുമ്പോൾ കേന്ദ്ര ഗവൺമെന്റ് പാവപ്പെട്ട ആളുകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള നയം നടപ്പിലാക്കാതെ അതിനെ എതിർക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. വിലനിയന്ത്രണം ഏർപ്പെടുത്താൻ കേന്ദ്രഗവൺമെന്റിൽ നിക്ഷിപ്തമായിരുന്ന അധികാരം പെട്രോളിയം കമ്പനികൾക്ക് വിട്ടുകൊടുത്തതുകൊണ്ടാണ് പെട്രോളിനും പെട്രോളിയം ഉൽപ്പന്നങ്ങൾക്കും വിലവർദ്ധനവുണ്ടായത്. പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാനും ലാഭത്തിലാക്കാനും ഈ ഗവണ്മെന്റിന് സാധിച്ചു. സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ പുന:സ്ഥാപിച്ചു. സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പിലാക്കി. പൊതുവിതരണരംഗം ശക്തമാക്കി. സർക്കാർ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. ബി.ഒ.ടി. അടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകൊണ്ടാണ് ദേശീയപാത വികസനം നിശ്ചലമായത്. സത്യസന്ധമായി അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയ

മാധ്യമപ്രവർത്തകയെ രാജ്യദ്രോഹക്കുറ്റം ചുമത്തി കള്ളക്കേസ്സിൽ കുടുക്കിയ കർണ്ണാടക പോലീസിന്റെ നടപടി ജനാധിപത്യപ്രക്രിയയ്ക്ക് വെല്ലുവിളി ഉയർത്തിയിട്ടും മാദ്ധ്യമസമൂഹം പ്രതികരിക്കാത്തത് അപലപനീയ മാണ്. ജനാധിപത്യവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ കേരളീയ സമൂഹം ഒറ്റക്കെട്ടായി നിൽക്കുകയും മാദ്ധ്യമങ്ങൾ ശക്തമായ നിലപാട് സ്വീകരി ക്കുകയും ചെയ്യണം. ഇത്തരം വിഷയങ്ങൾ മാദ്ധ്യമങ്ങൾ പ്രാധാന്യം നൽകാത്തതിനെക്കുറിച്ച് ചർച്ച ചെയ്യപ്പെടേണ്ടതാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : നന്ദിപ്രമേയത്തെ അനുകൂലി ക്കുന്നു. സാമ്പത്തികമാന്ദ്യത്തിന്റെ ഫലമായുണ്ടായ വിലക്കയറ്റം നേരിടാൻ പര്യാപ്തമായ ധനകാര്യ മാനേജ്മെന്റാണ് കേരളത്തിലുള്ളത്. ഉൽപ്പാദന മേഖലയുടെ വികസനത്തിനായി പതിനായിരം കോടി രൂപയുടെ മാന്ദ്യ വിരുദ്ധ പാക്കേജ് പ്രഖ്യാപിച്ച ഗവണ്മെന്റാണിത്. കേന്ദ്ര ഗവൺമെന്റ് കോടിക്കണക്കിന് രൂപയാണ് വൻകിട കോർപ്പറേറ്റുകൾക്ക് സഹായധനമായി നൽകുന്നത്. പാവപ്പെട്ടവരെ ദ്രോഹിക്കുന്ന നടപടികളാണ് കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിലും നയപ്രഖ്യാപനത്തിലുമുള്ളത്. കേന്ദ്ര ഗവൺമെന്റ് മൂവായിരം കോടി രൂപയുടെ വളം സബ്സിഡിയും 400 കോടി രൂപയുടെ ഭക്ഷ്യ സബ്സിഡിയും വെട്ടിക്കുറച്ചത് ജനജീവിതം ദുസ്സഹമാക്കി. കേരളത്തിൽ കർഷക ആത്മഹത്യ ഇല്ലാതാക്കാൻ സാധിച്ചു. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഏറ്റവും നല്ല സംസ്ഥാനത്തിനുള്ള ഡയമണ്ട് അവാർഡ് കേരളം നേടിയത്. സംസ്ഥാനത്തെ ഓരോ വകുപ്പിനും മികച്ച പ്രവർത്തനത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അവാർഡ് കിട്ടിക്കൊണ്ടിരിക്കുകയാണ്. വികസനത്തിന്റെ കാര്യത്തിലും സാക്ഷരതാ

നിരക്കിലും കേരളം മുന്നിലാണ്. കഴിഞ്ഞ അഞ്ചുവർഷമായി ഈ ഗവൺമെന്റ് വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുക്കുകയോ ട്രഷറി പൂട്ടുകയോ ചെയ്തിട്ടില്ല. ഭരണനയത്തിന്റെ പ്രത്യേകത കൊണ്ടാണ് മികച്ച ധനകാര്യ മാനേജ്മെന്റിലേയ്ക്ക് സംസ്ഥാനത്തെ കൊണ്ടുപോകാൻ സാധിക്കുന്നത്. സാമ്പത്തിക മാന്ദ്യം വരുന്ന കാലഘട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പണം അനുവദിക്കുന്നതുവഴി ജനങ്ങളുടെ പർച്ചേസിംഗ് പവർ കൂടുകയും മാന്ദ്യത്തിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുകയും ചെയ്യും. റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ കാർഷിക മേഖലയുടെ വികസനത്തിന് ഉപകരിക്കുമെന്നതിൽ സംശയമില്ല. തോട്ടങ്ങളും വ്യവസായ ശാലകളും തുറന്നുപ്രവർത്തിപ്പിക്കുകയും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി കേരളത്തെ മാറ്റാൻ സാധിച്ചു. സ്മാർട്ട് സിറ്റി പദ്ധതി, വിഴിഞ്ഞം പദ്ധതി, കണ്ണൂർ വിമാനത്താവളം എന്നിവ യാഥാർത്ഥ്യമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു.

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് നടപ്പിലാക്കിയ ക്ഷേമ പദ്ധതികളിലൂടെ ഈ ഗവൺമെന്റ് പാവപ്പെട്ടവരുടെ ഗവൺമെന്റാണെന്ന് തെളിയിച്ചിട്ടുണ്ട്. വ്യക്തമായ കാഴ്ച്ചപ്പാടോടുകൂടി നാടിന്റെ പുരോഗതിക്ക് ഉതകുന്ന പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കുന്നത്. ജനങ്ങളുടെ ജീവിതനിലവാരം ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ മുന്നിലെത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. എസ്.എസ്.എൽ.സി. പരീക്ഷാ വിജയശതമാനം വർദ്ധിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്തും മുന്നേറാൻ കഴിഞ്ഞു. വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും ആ ലാഭമുപയോഗിച്ച് എട്ട്

പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാനും സാധിച്ചു. മലബാർ സിമന്റ്സ് ഇന്ന് ലാഭത്തിൽ പ്രവർത്തിക്കുകയാണ്. പരമ്പരാഗത അസംഘടിത കാർഷിക മേഖലയിലെ തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് നിരവധി നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചു. 35 ലക്ഷം തൊഴിലാളി കുടുംബങ്ങൾക്ക് പെൻഷൻ വർദ്ധിപ്പിച്ചുനൽകി. തൊഴിൽമേഖലയിൽ സമാധാനം കൈവരിക്കാൻ കഴിഞ്ഞു. കാർഷിക മേഖലയിൽ ഉൽപാദനം വർദ്ധിച്ചു. നെല്ലിന്റെ സംഭരണ വില 13 രൂപയായി വർദ്ധിപ്പിക്കുകയും 60000 ഏക്കർ സ്ഥലത്ത് പുതുതായി നെൽകൃഷി ആരംഭിക്കുകയും ഒന്നേകാൽ ലക്ഷം ടൺ നെല്ല് കൂടുതലായി ഉൽപ്പാദിപ്പിക്കുകയുമുണ്ടായി. മുട്ടയുടേയും പച്ചക്കറിയുടേയും ഉൽപ്പാദനം വർദ്ധിച്ചു. വില വർദ്ധനവ് തടയാൻ കേരളം സ്വീകരിച്ച നടപടികൾ കേന്ദ്ര ഭരണാധികാരികളുടെപോലും പ്രശംസ പിടിച്ചു പറ്റിയതാണ്. ക്രമസമാധാനനില ഭദ്രമാക്കാൻ കഴിഞ്ഞു. പവർകട്ട് ഇല്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ സാധിച്ചു. ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുകയും ഡി.എ. കുടിശ്ശികയില്ലാതെ നൽകുകയും ചെയ്തു. പി.എസ്.സി. നിയമനത്തിലെ നിരോധനം ഇല്ലാതാക്കി. ഒരുലക്ഷത്തി അൻപത്തിയൊന്നായിരം പേർക്ക് പുതിയതായി നിയമനം നൽകി. വിവിധ പ്രദേശങ്ങളുടെ വികസനത്തിന് പാക്കേജുകളേർപ്പെടുത്തി പദ്ധതികളെല്ലാം നടപ്പിലാക്കുകയാണ്. പി.ഡബ്ല്യു.ഡി. റോഡുകളും എൻ.എച്ച്. റോഡുകളും മാർച്ച് 31-നകം ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കള്ളപ്പണത്തിന്റെ കാവൽക്കാരായി പ്രതിപക്ഷം മാറിയിരിക്കുന്നു. ഇൻഡ്യാരാജ്യത്ത് തൊഴിലവസരങ്ങൾ നഷ്ടപ്പെടുകയും തൊഴിലില്ലായ്മ പെരുകുകയും ചെയ്യുന്നു. കേന്ദ്ര

പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കണം. കേന്ദ്ര നയങ്ങളുടെ ഫലമായി വിലക്കയറ്റവും പട്ടിണിയും കൊണ്ട് ജനങ്ങൾ വീർപ്പുമുട്ടുകയാണ്. കർഷക ആത്മഹത്യ ഇല്ലാതാക്കി.

ശ്രീ. എ.കെ. ശശീന്ദ്രൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങളുടെ വ്യക്തമായ രൂപമാണ് നയപ്രഖ്യാപന പ്രസംഗത്തിലുള്ളത്. കർഷക ആത്മഹത്യ ഇല്ലാതാക്കി. കാർഷിക കടങ്ങൾ എഴുതിത്തള്ളാനും കർഷക സമാശ്വാസ പദ്ധതികൾ ആവിഷ്കരിക്കാനും ഗവൺമെന്റിന് സാധിച്ചു. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ ഒന്നേകാൽ ലക്ഷത്തോളം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുകയുണ്ടായി. ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പകൂടി എഴുതിത്തള്ളാനുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. മതേതരത്വത്തിൽ വിശ്വസിക്കുന്ന പുരോഗമന ആശയമുള്ള ഒരു രാഷ്ട്രീയ സംവിധാനത്തിനുമാത്രമേ കേരളത്തെ മുന്നോട്ടു നയിക്കാൻ സാധിക്കുകയുള്ളൂ. ജനക്ഷേമപദ്ധതികൾ നടപ്പിലാക്കിയ ഗവൺമെന്റാണിത്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : നന്ദിപ്രമേയത്തെ എതിർക്കുന്നു. പഞ്ചായത്ത് തെരഞ്ഞെടുപ്പിലും പാർലമെന്റ് തെരഞ്ഞെടുപ്പിലും ഈ സർക്കാരിനെതിരെയുള്ള വിധിയെഴുത്താണ് കേരളജനത നടത്തിയത്. കുറ്റകൃത്യങ്ങൾ വർദ്ധിച്ചിരിക്കുന്നു. ഭരണഘടനയേയും നിയമസംഹിതയേയും അട്ടിമറിക്കുന്ന പ്രവൃത്തികളാണ് ഈ സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. സി. ടി. അഹമ്മദ് അലി: നന്ദിപ്രമേയത്തെ എതിർക്കുന്നു. പുതിയ പദ്ധതി നിർദ്ദേശങ്ങളൊന്നുമില്ലാത്ത നയപ്രഖ്യാപനം നിരാശാജനകമാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനും പിന്നോക്ക

ന്യൂനപക്ഷ സമുദായങ്ങളുടെ താൽപര്യം സംരക്ഷിക്കുന്നതിനും പ്രവാസികളേയും കർഷകരേയും സഹായിക്കുന്നതിനും യാതൊന്നുംതന്നെ നയപ്രഖ്യാപനത്തിലില്ല. ഗവൺമെന്റിന് ആത്മാർത്ഥയുണ്ടെങ്കിൽ പ്രഖ്യാപിച്ച പദ്ധതികൾക്കാവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തണം. സംസ്ഥാനത്തിന്റെ പൊതുകടവും ആളോഹരി കടവും ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്. സംസ്ഥാന വരുമാനത്തിന്റെ സിംഹഭാഗവും പലിശയിനത്തിലും പിഴപ്പലിശയിനത്തിലുമാണ് ചെലവഴിക്കുന്നത്. സർക്കാർ ഓഫീസുകളുടെ പ്രവർത്തനം നിശ്ചലമായതിനാൽ സാധാരണക്കാരന് നീതി നിഷേധിക്കപ്പെടുകയാണ്. സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി കേന്ദ്ര ഗവൺമെന്റുമായുള്ള ബന്ധം ശക്തിപ്പെടുത്തണം. കാസർഗോഡ് ജില്ലയിൽ അനുവദിച്ച സെൻട്രൽ യൂണിവേഴ്സിറ്റി അനുയോജ്യമായ സ്ഥലം കണ്ടെത്തി പ്രവർത്തനം ആരംഭിക്കണം. കാസർഗോഡ് ജില്ലയിലെ മറാത്തി സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. കാസർഗോഡ് താപവൈദ്യുത നിലയത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കണം. സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാനും പിന്നോക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിക്കണം. പ്രവാസി മലയാളികളുടെ സ്ഥിതിവിവരക്കണക്ക് ശേഖരിക്കാനും പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനുള്ള പ്രായപരിധി 18-50 വയസ്സിനും ഇടയിലായി നിജപ്പെടുത്താനും നടപടിയുണ്ടാകണം. വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്നവരുടെ

വിവരം പ്രവാസി സംഘടനകളുടെ സഹായത്തോടെ ശേഖരിക്കാനും ആവശ്യമെങ്കിൽ സൗജന്യ നിയമസഹായം ലഭ്യമാക്കാനും ഗൾഫിലേയ്ക്കുള്ള വിമാന യാത്രാക്കൂലി കുറയ്ക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. യു. സി. രാമൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഭരണ നേട്ടങ്ങളൊന്നും പറയാനില്ലാത്തതിനാൽ രാഷ്ട്രീയ കുപ്രചരണങ്ങളാണ് ഇടതുപക്ഷജനാധിപത്യ മുന്നണി നടത്തികൊണ്ടിരിക്കുന്നത്. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളൊന്നും പാലിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ജനകീയ പ്രശ്നങ്ങളിൽനിന്ന് പുറകോട്ടുപോകുന്ന സമീപനമാണ് മാർക്സിസ്റ്റ് പാർട്ടി ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്. വ്യാജ നിയമനങ്ങൾ അവസാനിപ്പിച്ച് അർഹരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. ഈ സർക്കാരിന്റെ തെറ്റായ നയങ്ങൾ കാരണം സമസ്ത മേഖലയിലേയും ജനങ്ങളുടെ ജീവിതം ദുരിതപൂർണ്ണമായിരിക്കുകയാണ്.

ശ്രീ. ജി. കാർത്തികേയൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഭരണം കേരളത്തെ സംബന്ധിച്ച് സുവർണ്ണകാലഘട്ടമെന്ന നയ പ്രഖ്യാപന പ്രസംഗത്തിലെ പരാമർശം വാസ്തവവിരുദ്ധമാണ്. 'നാറ്റ്പാക്ക്' കൈമാറിയ രേഖ കൈവശമുണ്ടായിട്ടും നാളിതുവരെയായി മലയോര ഹൈവേ സംബന്ധിച്ചുള്ള യാതൊരു തുടർനടപടികളും സ്വീകരിച്ചിട്ടില്ല. കഴിഞ്ഞ സാമ്പത്തികവർഷം വികസന പ്രവർത്തനങ്ങളൊന്നും നടന്നില്ലെന്നു മാത്രമല്ല വെറും 42 ശതമാനം പദ്ധതിവിഹിതം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ സ്റ്റേറ്റ് പ്ലാനിൽ അനുവദിച്ച 2197.65 കോടിരൂപയിൽ വെറും 716 കോടി രൂപ

മാത്രമാണ് ചെലവഴിച്ചത്. ഫുഡ് സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട 11 സ്കീമുകളിലേയ്ക്ക് 111.7 കോടി രൂപ അനുവദിച്ചതിൽ 33.97 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. നഗര വികസനപദ്ധതിക്ക് അനുവദിച്ചതിൽ തുച്ഛമായ വിഹിതമാണ് ചെലവാക്കിയത്. യഥാസമയം ഡി.പി.സി. അംഗീകാരം നൽകാത്തതുകാരണം ത്രിതല പഞ്ചായത്തുകളുടെ വികസനപ്രവർത്തനങ്ങൾക്ക് അനുവദിച്ച വിഹിതം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതിവിഹിതം ചെലവഴിക്കാതെയാണ് ട്രഷറി പൂട്ടിയില്ലെന്ന അവകാശവാദം ഉന്നയിക്കുന്നത്. എൻ.ആർ.എച്ച്.എം. പദ്ധതി ഇല്ലാതിരുന്നെങ്കിൽ ആരോഗ്യരംഗം ദയനീയമാകുമായിരുന്നു. കർഷക കടാശ്വാസ കമ്മീഷന്റെ തീർപ്പുകൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കേരള വികസനത്തിന് ഉതകുന്ന അഭിപ്രായങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുക എന്നതാണ് കേരള മോചനയാത്രയുടെ ലക്ഷ്യം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : മലബാർ സിമന്റ്സിലെ കമ്പനി സെക്രട്ടറിയും കുട്ടികളും മരണമടഞ്ഞ സംഭവം സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് സർക്കാർ തയ്യാറാണ്. ഈ പ്രശ്നത്തിന്റെ പേരിൽ ലാഭകരമായി പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനത്തെ നശിപ്പിക്കുന്നതിന് ശ്രമിക്കരുത്. 2001–2006 കാലഘട്ടത്തിൽ മലബാർ സിമന്റ്സിലെ അഴിമതിയുമായി ബന്ധപ്പെട്ട് 4 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2010–2011 സാമ്പത്തിക വർഷം സിമന്റ് പ്രൊഡക്ഷനിലും ഡെസ്പാച്ചിലും ടേൺ ഓവറിലും കപ്പാസിറ്റി യൂട്ടിലൈസേഷന്റെ കാര്യത്തിലും മറ്റും മലബാർ സിമന്റ്സ് മുന്നിലാണ്. സെയിൽസ് ടാക്സ് ഏറ്റവുംകൂടുതൽ കൊടുത്ത കമ്പനിയും മലബാർ സിമന്റ്സാണ്. കമ്പനി

ഉയർന്ന ഡിവിഡന്റ് ലഭ്യമാക്കി. 123 തൊഴിലാളികളെ സ്ഥിരപ്പെടുത്തിയതിൽ നാൽപ്പതിലധികംപേർ ആദിവാസികളായിരുന്നു. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ മുഴുവൻ കൊടുത്തുതീർത്തു. ആൾ ഇന്ത്യാ സിമന്റ് വേജ് ബോർഡിന്റെ ഒരു ശുപാർശയുമായി ബന്ധപ്പെട്ട പ്രശ്നം മാത്രമാണ് ഇപ്പോൾ അവിടെ പെന്റിംഗുള്ളത്. കെ.എം.എം.എൽ.-മായി ബന്ധപ്പെട്ട അഴിമതി ആരോപണം വിജിലൻസ് സ്പെഷ്യൽ കോടതിയിൽ അന്വേഷണം നടക്കുകയാണ്. മാനേജ്മെന്റിനെ പ്രൊഫഷണലൈസ് ചെയ്യാനും സെലക്ഷൻ ബോർഡ് മുഖാന്തിരം മാനേജിംഗ് ഡയറക്ടറെ നിയമിക്കാനും സാധിച്ചിട്ടുണ്ട്. അഴിമതിയാരോപണങ്ങളിൽ കഴമ്പില്ലെന്ന് കണ്ട് മലബാർ സിമന്റ്സിന്റെ മുൻ എം.ഡി.-യെ കോടതി കുറ്റവിമുക്തനാക്കിയിരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് അനുമതി ഇല്ലാതെ കെ.എം.എം.എൽ-ൽ എക്സ്പാൻഷൻ പ്രോജക്റ്റ് ആരംഭിച്ച് 48 കോടി രൂപ നഷ്ടം വരുത്തി. എ.ജി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ട് റദ്ദ് ചെയ്യുകയും ഇപ്പോൾ വിജിലൻസ് അന്വേഷണത്തിനുത്തരവിടുകയും ചെയ്തിട്ടുണ്ട്. മറ്റ് ചില കമ്പനികളെക്കുറിച്ചുണ്ടായ പരാതികളിന്മേൽ വിവിധ തലങ്ങളിൽ അന്വേഷണം നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2006-നുശേഷം ഇതുവരെ ഒരു പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ചും ഇത്തരത്തിൽ പരാതി ഉയർന്നിട്ടില്ല. പരാതികൾ ലഭിച്ചാൽ അന്വേഷിച്ച് കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ദൈനംദിന ഭരണ കാര്യങ്ങളിൽ മാനേജ്മെന്റുകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ ആട്ടോണമി നൽകിയിട്ടുണ്ട്. ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ പേരിൽ

നടപടി സ്വീകരിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളും കമ്പനികളും അഴിമതിരഹിതമാക്കാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ജനദ്രോഹകരമായ ദുർഭരണമാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്-ന്റെ തോൽവിക്ക് കാരണം. രാജ്യം നേരിടുന്ന അതീവഗുരുതരമായ പ്രശ്നങ്ങളൊന്നും പ്രതിപക്ഷം ഉന്നയിക്കുന്നില്ല. ജനങ്ങൾക്ക് ഭക്ഷണം നൽകാൻവേണ്ടി കേന്ദ്രനിയമം കൊണ്ടുവരുമെന്ന വാഗ്ദാനം ഇതുവരെ നടപ്പിലാക്കിയില്ല. ഫുഡ് സെക്യൂരിറ്റി ആക്ടനുസരിച്ച് ലഭിക്കേണ്ട വിഹിതം കേരളത്തിന് ലഭിച്ചിട്ടില്ല. കള്ളക്കച്ചവടക്കാരും കരിഞ്ചന്തക്കാരും വർദ്ധിച്ചുവന്ന സാഹചര്യത്തിൽ സബ്സിഡിയോടെ സപ്ലൈകോ വഴി അരി വിതരണം ചെയ്യാനും കിലോഗ്രാമിന് രണ്ട് രൂപ നിരക്കിൽ 41 ലക്ഷം ആളുകൾക്ക് അരി കൊടുക്കാനും ഈ സർക്കാരിന് കഴിഞ്ഞു. നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും വിലക്കയറ്റം തടയുന്നതിനും കഴിഞ്ഞു. കേരളത്തിൽ എൽ. ഡി. എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ രണ്ട് രൂപയ്ക്ക് അരി വിതരണം ചെയ്യുന്ന പദ്ധതി ഭാവിയിൽ മാറ്റാൻ സാധിക്കില്ല. ഭക്ഷ്യധാന്യങ്ങൾ സുലഭമായി മാർക്കറ്റിലുണ്ട്, വില നിലവാരത്തിൽ മാറ്റങ്ങളുണ്ടായിട്ടുണ്ട്. വില നിയന്ത്രിക്കാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ച വിഹിതംകൂടി ലഭ്യമാവുക**യാണെങ്കിൽ പഞ്ചസാ**രയും മണ്ണെണ്ണയും ഭക്ഷ്യധാന്യങ്ങളും സുലഭമാക്കും.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): 2001-2006 കാലഘട്ടത്തിൽ 63 മുതൽ 68 ശതമാനം വരെ

പ്ലാൻ ഫണ്ട് ചെലവഴിച്ചെങ്കിൽ ഇപ്പോൾ 98 ശതമാനം വരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. എസ്.സി./എസ്.ടി. വകുപ്പുകൾക്ക് മുൻ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രത്തിൽ നിന്ന് ലഭിച്ച 64 കോടി രൂപ ഈ ഗവൺമെന്റാണ് ചെലവഴിച്ചത്. ഈ ഗവൺമെന്റിന്റെ കാലത്ത് പട്ടകജാതി/പട്ടികവർഗ്ഗ വകുപ്പിന് അനുവദിച്ച പണം ലാപ്സായിയെന്ന വാദഗതി ശരിയല്ല. നോഷ ണൽ ഫ്ളോ എന്ന് പറഞ്ഞ് തുക നീക്കിവയ്ക്കുകയും അത് ചെലവഴിക്കാതി രിക്കുകയും ചെയ്തിരുന്ന മുൻ ഗവൺമെന്റിന്റെ രീതി മാറ്റുകയും തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എസ്.സി./എസ്.ടി വിഭാഗ ത്തിൽപ്പെട്ട ഒരു ലക്ഷത്തി ഇരുപത്തയ്യായിരം കുടുംബങ്ങൾക്ക് 26 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് വീടുകളിൽ എത്തിച്ചുകൊടുക്കാൻ കഴിഞ്ഞത്. പതിമൂന്നാം ധനകാര്യ കമ്മീഷൻ ആദിവാസികളുടെ ഉന്നമന ത്തിനായി അനുവദിച്ച 148 കോടി രൂപയുടെ പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുകയാണ്. 2011 വർഷത്തിൽ തീർക്കേണ്ട 16 കോടി രൂപയ്ക്കുള്ള മറ്റൊരു പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. വൈദ്യുതി ബോർഡിനെ പൊതുമേ ഖലയിൽ നിലനിർത്താനും ഊർജ്ജ പ്രതിസന്ധി പരിഹരിക്കാനും ഈ സർക്കാരിന് കഴിഞ്ഞു. വോൾട്ടേജ് കമ്മിയില്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. സമ്പൂർണ്ണ വൈദ്യു തീകരണ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിന്റെ ഭാഗമായി 60 അസംബ്ലി മണ്ഡലങ്ങൾ വൈദ്യുതീകരിച്ചുകഴിഞ്ഞു. ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതിനുമുമ്പ് ബാക്കി മണ്ഡലങ്ങൾകൂടി വൈദ്യുതീകരി ക്കാൻ സാധിക്കും.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ക്രമസമാധാനനില മെച്ചപ്പെടുത്താൻ കഴിഞ്ഞു. ക്രമസമാധാനരംഗത്ത് കേരളത്തിൽ നടന്ന പരിഷ്ക്കരണങ്ങളെ പ്രധാനമന്ത്രി പോലും പ്രകീർത്തിച്ചിരിക്കുകയാണ്. മാധ്യമപ്രവർത്തകയായ ശ്രീമതി കെ.കെ.ഷാഹിനയ്ക്കെതിരെയുള്ള കേസ് സംബന്ധിച്ച് കർണ്ണാടക ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ഒരു മാധ്യമ പ്രവർത്തക എന്ന നിലയിലുള്ള സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് സാധ്യമാകുന്ന ഇടപെടലുകൾ നടത്തുന്നതാണ്. ഇക്കാര്യം കേരള നിയമസഭയുടെ അഭിപ്രായമായി കർണ്ണാടക സംസ്ഥാനത്തെ അറിയിക്കുന്നതാണ്. കേരളപ്പിറവിക്കുശേഷം ഏറ്റവുമധികം വികസന പ്രവർത്തനങ്ങളുണ്ടായ ഒരു കാലഘട്ടമാണിത്. കഴിഞ്ഞ നാലര വർഷം കൊണ്ട് 45,000 കോടി രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. പുതിയ നികുതി ചുമത്താതെയാണ് വികസന രംഗത്ത് നേട്ടങ്ങളെല്ലാമുണ്ടാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് വികസന രംഗത്തുണ്ടായ നേട്ടങ്ങളെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ സഹായം കൊണ്ടാണെന്ന പ്രതിപക്ഷത്തിന്റെ വാദഗതി ശരിയല്ല. കേരളം ആവിഷ്ക്കരിച്ച നയത്തിന്റെ ഫലമായി കർഷക ആത്മഹത്യ ഇല്ലാതാക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്രം സ്വീകരിക്കുന്ന സാമ്പത്തിക നയമാണ് വികസന പ്രവർത്തനങ്ങൾ പൂർണ്ണ രൂപത്തിലേയ്ക്കെത്തിക്കാൻ തടസ്സമാകുന്നത്. ഇൻഡ്യാ ഗവൺമെന്റ് പെട്രോളിയത്തിന്റെ വില നിയന്ത്രണം നീക്കിയതാണ് പെട്രോൾ കമ്പനിക്കൾക്ക് വില വർദ്ധിപ്പിക്കാൻ അവസരം ഉണ്ടായത്. വിലക്കയറ്റവും അഴിമതിയുമാണ് രാജ്യം ഇന്ന് അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങൾ. പഞ്ചായത്ത് തെരഞ്ഞെടുപ്പിനുശേഷം കേരളത്തിൽ വന്ന രാഷ്ട്രീയ മാറ്റങ്ങൾ പ്രതിപക്ഷം കണ്ടില്ലെന്ന്

നടിക്കരുത്. ഈ ഗവൺമെന്റിന്റെ അഞ്ചുവർഷ പ്രവർത്തനവും കേന്ദ്ര ഭരണ ത്തിന്റെ കെടുതികളും മനസ്സിലാക്കുന്ന കേരളത്തിലെ ജനങ്ങൾ അത് വിലയിരുത്തി പ്രവർത്തിക്കുമെന്ന് ഉത്തമവിശ്വാസമുണ്ട്. ഒരു വികസന സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനുവേണ്ടി ഈ ഗവൺമെന്റ് പരമാവധി ശ്രമിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : അഞ്ചുകൊല്ലത്തെ ഭരണത്തിൽ എല്ലാ വകുപ്പുകളിലും ഫലപ്രദമായി കാര്യങ്ങൾ നടത്താൻ സാധിച്ചു. കുടിവെള്ളം, വൈദ്യുതി മുതലായ പ്രശ്നങ്ങൾക്കെല്ലാം ഒരു പരിധിവരെ പരിഹാരമുണ്ടാക്കി. നാല് ജില്ലകളെ സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലകളാക്കി മാറ്റി. പൊതുഭരണത്തിനും ക്രമസമാധാനപാലനത്തിനും കേരളത്തിന് ലഭിച്ചിട്ടുള്ള അവാർഡുകൾ വിവിധ വകുപ്പുകളിലൂടെ കേരളത്തിന്റെ വികസനത്തിനുവേണ്ടി കൈക്കൊണ്ടിട്ടുള്ള ആത്മാർത്ഥമായ പരിശ്രമങ്ങളെ കേന്ദ്ര സർക്കാർ അംഗീകരിച്ചതിന് തെളിവാണ്. രണ്ട് രൂപയ്ക്ക് 40 ലക്ഷത്തോളം കുടുംബങ്ങൾക്ക് അരി നൽകാൻ സാധിച്ചു. നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കയറ്റമുണ്ടായപ്പോൾ മാർക്കറ്റ് ഇടപെ ടൽ നടത്തി വില നിയന്ത്രണാധീനമാക്കി. സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കി. ഇൻഫോപാർക്കിൽ 13500-ഓളം ആളുകൾക്ക് ജോലി ചെയ്യാനുള്ള അവസര മുണ്ടാക്കി. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ പതിനായിരത്തില ധികം ആളുകൾക്ക് ജോലി ലഭ്യമാക്കുന്ന 10 ഐ.ടി. പാർക്കുകൾ സ്ഥാപിച്ചു. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽത്തന്നെ സ്മാർട്ട് സിറ്റിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച നന്ദിപ്രമേയം 29-നെതിരെ 68 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 2.47-ന് പിരിഞ്ഞു.